/718760/2024

"ഭരണ ഭാഷ - മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ്-കേരള**

**(കേരള സംസ്ഥാനം)**

SUIIT/62/2023-CT

സ്യൂട്ട്, കേരള

തിരുവനന്തപുരം

തീയതി: 06-03-2024

**മികച്ച പരിശീലകർക്കുള്ള അവാർഡ് നൽകുന്നതിനുള്ള വിജ്ഞാപനം (2021-22 & 2022-23)**

വിഷയം :- വ്യാവസായിക പരിശീലന വകുപ്പ് – സ്യൂട്ട് കേരള കഴക്കൂട്ടം -2021-22, 2022-23 എന്നീ വർഷങ്ങളിലെ വ്യാവസായിക പരിശീലന വകുപ്പിലെ മികച്ച പരിശീലകർക്കുള്ള അവാർഡ് നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന:- സ.ഉ (സാധാ) നം. 308/2024/തൊഴിൽ, തീയതി 05/03/2024

വ്യാവസിയിക പരിശീലന വകുപ്പിലെ 2021-22, 2022-23 എന്നീ വർഷങ്ങളിലെ മികച്ച പ്രിൻസിപ്പാൾ മികച്ച ഗ്രൂപ്പ് ഇൻസ്ട്രക്ടർ, മികച്ച ACD ഇൻസ്ട്രക്ടർ, മികച്ച ട്രേഡ് ഇൻസ്ട്രക്ടർ എന്നിവരെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. 2021-22, 2022-23 എന്നീ പരിശീലന വർഷങ്ങളിലെ പ്രവർത്തന മികവാണ് അവാർഡിന്റെ മാനദണ്ഡം. ഇതിലേയ്ക്കുള്ള അപേക്ഷയുടെ മാതൃകകൾ ഇതോടൊപ്പം ചേർക്കുന്നു. അവാർഡിനായി പരിഗണിക്കേണ്ട വിവിധ ഗണത്തിൽ പെട്ട ഉദ്യോഗസ്ഥർക്കുള്ള മാതൃകാ അപേക്ഷകളുടെ ടെമ്പ്ലേറ്റ് ഐ ടി സെല്ലിൽ നിന്നും 14 ജില്ലാ നോഡൽ ഐ ടി ഐ കൾക്കും അയക്കുന്നതും നോഡൽ ഐ ടി ഐ കൾ ആയതു അവരുടെ കീഴിലുള്ള ജില്ലയിലെ മറ്റു ഐ ടി ഐ കളിലേക്ക് ഷെയർ ചെയ്യേണ്ടതുമാണ്. ഓരോ ഐ ടി ഐ യിൽ നിന്നും യോഗ്യരായ (60 % മാർക്കോ അതിനു മുകളിലോ ലഭിക്കുന്നവർ) ഉദ്യോഗസ്ഥരുടെ ഡാറ്റ ഇതേ ടെംപ്ലേറ്റിൽ തന്നെ ജില്ലാ നോഡൽ ഐ ടി ഐ കളിലേക്ക് ഷെയർ ചെയ്യേണ്ടതുമാണ്. തുടർന്ന് ജില്ലാ നോഡൽ ഐ ടി ഐ കൾ അവരുടെ ഐ ടി ഐ കളിൽ നിന്നും തിരഞ്ഞെടുക്കുന്ന യോഗ്യരായ ഉദ്യോഗസ്ഥരുടെ ഡാറ്റ ,മറ്റു ഐ ടി ഐ കളിൽ നിന്നും ഇത്തരത്തിൽ ലഭിച്ചിരിക്കുന്ന ഡാറ്റ എന്നിവ consolidate ചെയ്തു ഇതിനായി SUIIT ഇൽ നിന്നും ഷെയർ ചെയ്യുന്ന ഷീറ്റിൽ നൽകേണ്ടതുമാണ്. ആയതു 15/03/2024 തീയതിക്കുള്ളിൽ പൂർത്തിയാക്കേണ്ടതും ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ജില്ല നോഡൽ ഐ ടി ഐ പ്രിൻസിപ്പാൾമാർക്കായിരിക്കും.

**മികച്ച ട്രേഡ് ഇൻസ്ട്രക്ടർ**

ഇൻസ്ട്രക്ടർ പൂർണമായും പരിശീലിപ്പിച്ച ട്രെയിനികളുടെ റിസൾട്ട്, പരിശീലനത്തിൽ കാണിച്ച മികവ്, സ്ഥാപനത്തിന്റെ ഉയർച്ചക്കായി ചെയ്തിട്ടുള്ള മറ്റ് കാര്യങ്ങൾ എന്നിവ പരിഗണിച്ചാണ് അവാർഡിന് അർഹരായവരെ തെരഞ്ഞെടുക്കുന്നത്.

അപേക്ഷ തയ്യാറാക്കി അയയ്ക്കേണ്ട വിധം

പാർട്ട്-എ ഇൻസ്ട്രക്ടർമാർ പൂരിപ്പിക്കേണ്ടതും ആയതു സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

പാർട്ട്-ബി സ്ഥാപന മേധാവി ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരുടെ സഹായത്തോടെ ബന്ധപ്പെട്ട നിർദിഷ്ട രേഖകളുടെ അടിസ്ഥാനത്തിൽ പൂരിപ്പിക്കേണ്ടതാണ്.

നിബന്ധനകൾ

1. കഴിഞ്ഞ വർഷം അവാർഡ് ലഭിച്ചവരെ തുടർന്ന് മൂന്ന് വർഷത്തേക്ക് പരിഗണിക്കുന്നതല്ല
2. ഇൻസ്ട്രക്ടർ ആയി കുറഞ്ഞത് 5 വർഷത്തെ പ്രവൃത്തി പരിചയം വ്യാവസായിക പരിശീലന വകുപ്പിൽ (31.12.2021/2022-ൽ ) ആവശ്യമാണ്.
3. സർക്കാർ/വകുപ്പ് തല അച്ചടക്ക നടപടികൾക്ക് വിധേയരായവർ ആയിരിക്കരുത്.
4. വിജിലൻസ്/പോലീസ്/കോടതി കേസുകൾ നിലവിലുള്ളവരെ പരിഗണിക്കുന്നതല്ല.

ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന അപേക്ഷകരുടെ പേര് വിവരങ്ങൾ ഇതിനായി തയ്യാറാക്കിയിട്ടുള്ള ഗൂഗിൾ ഷീറ്റിൽ എൻട്രി വരുത്തേണ്ടതുമാണ്. അപേക്ഷകരോട് അവരുടെ ശ്രദ്ധേയമായ നേട്ടങ്ങൾ, ട്രെയിനികളുടെ ഫീഡ്ബാക്ക് തുടങ്ങി വിവിധ വിവരങ്ങൾ ഉൾപ്പെടുന്ന ഒരു വീഡിയോ ക്ലിപ്പ് MP4 ഫോർമാറ്റ് (2-3 മിനിറ്റ്) അല്ലെങ്കിൽ പവർ പോയിന്റ് പ്രസന്റേഷൻ (5-7 സ്ലൈഡുകൾ) തയ്യാറാക്കി നൽകുന്നതിന് ആവശ്യപ്പെടാവുന്നതാണ്.

മികച്ച ACD ഇൻസ്ട്രക്ടർ

ഇൻസ്ട്രക്ടർ പൂർണമായും പരിശീലിപ്പിച്ച ട്രെയിനികളുടെ റിസൾട്ട്, പരിശീലനത്തിൽ കാണിച്ച മികവ്, സ്ഥാപനത്തിന്റെ ഉയർച്ചക്കായി ചെയ്തിട്ടുള്ള മറ്റ് കാര്യങ്ങൾ എന്നിവ പരിഗണിച്ചാണ് അവാർഡിന് അർഹരായവരെ തെരഞ്ഞെടുക്കുന്നത്.

അപേക്ഷ തയ്യാറാക്കി അയയ്ക്കേണ്ട വിധം

പാർട്ട്-എ ഇൻസ്ട്രക്ടർമാർ പൂരിപ്പിക്കേണ്ടതും ആയതു സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

പാർട്ട്-ബി സ്ഥാപന മേധാവി ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരുടെ സഹായത്തോടെ ബന്ധപ്പെട്ട നിർദിഷ്ട രേഖകളുടെ അടിസ്ഥാനത്തിൽ പൂരിപ്പിക്കേണ്ടതാണ്.

നിബന്ധനകൾ

1. കഴിഞ്ഞ വർഷം അവാർഡ് ലഭിച്ചവരെ തുടർന്ന് മൂന്ന് വർഷത്തേക്ക് പരിഗണിക്കുന്നതല്ല.

2. ഇൻസ്ട്രക്ടർ ആയി കുറഞ്ഞത് 5 വർഷത്തെ പ്രവൃത്തി പരിചയം വ്യാവസായിക പരിശീലന വകുപ്പിൽ (31.12.2021/2022-ൽ ) ആവശ്യമാണ്.

3. സർക്കാർ/വകുപ്പ് തല അച്ചടക്ക നടപടികൾക്ക് വിധേയരായവർ ആയിരിക്കരുത്.

4. വിജിലൻസ്/പോലീസ്/കോടതി കേസുകൾ നിലവിലുള്ളവരെ പരിഗണിക്കുന്നതല്ല.

ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന അപേക്ഷകരോട് അവരുടെ ശ്രദ്ധേയമായ നേട്ടങ്ങൾ, ട്രെയിനികളുടെ ഫീഡ്ബാക്ക് തുടങ്ങി വിവിധ വിവരങ്ങൾ ഉൾപ്പെടുന്ന ഒരു വീഡിയോ ക്ലിപ്പ് MP4 ഫോർമാറ്റ് (2-3 മിനിറ്റ്) അല്ലെങ്കിൽ പവർ പോയിന്റ് പ്രസന്റേഷൻ (5-7 സ്ലൈഡുകൾ) തയ്യാറാക്കി നൽകുന്നതിന് ആവശ്യപ്പെടാവുന്നതാണ്.

<u>മികച്ച പ്രിൻസിപ്പാൾ</u>

2021 - 22/2022-23 കാലയളവിൽ പ്രിൻസിപ്പാൾ സ്ഥാപന മേധാവിയായിരുന്ന ഐ ടി ഐ യിലെ ട്രെയിനികളുടെ റിസൾട്ട്, പ്ലേസ്മെൻറ്, സ്ഥാപനത്തിന്റെ ഉയർച്ചയ്ക്കായി ചെയ്തിട്ടുള്ള മറ്റ് കാര്യങ്ങൾ എന്നിവ പരിഗണിച്ചാണ് അവാർഡിന് അർഹതയുള്ള പ്രിൻസിപ്പാളിനെ തെരഞ്ഞെടുക്കുന്നത്.

<u>അപേക്ഷ തയ്യാറാക്കി അയയ്ക്കേണ്ട വിധം</u>

പാർട്ട്-എ പ്രിൻസിപ്പാൾ പൂരിപ്പിക്കേണ്ടതും പാർട്ട്-ബി സൂക്ഷ്മമായ പരിശോധനയ്ക്ക് ശേഷം ഇൻസ്പെക്ടർ ഓഫ് ട്രെയിനിങ് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

<u>നിബന്ധനകൾ</u>

1. കഴിഞ്ഞ വർഷങ്ങളിൽ അവാർഡ് ലഭിച്ചവരെ തുടർന്ന് മൂന്ന് വർഷത്തേക്ക് പരിഗണിക്കുന്നതല്ല.

2. പ്രിൻസിപ്പാൾ ആയി കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തി പരിചയം വ്യാവസായിക പരിശീലന വകുപ്പിൽ (31.12.2021/2022-ൽ ) ആവശ്യമാണ്.

3. സർക്കാർ/വകുപ്പ് തല അച്ചടക്ക നടപടികൾക്ക് വിധേയരായവർ ആയിരിക്കരുത്.

4. വിജിലൻസ്/പോലീസ്/കോടതി കേസുകൾ നിലവിലുള്ളവരെ പരിഗണിക്കുന്നതല്ല.

5. കുറഞ്ഞത് 500 ട്രെയിനികളുള്ള സ്ഥാപനത്തിൽ നിന്നുള്ളവരാകണം അപേക്ഷകർ.

<u>മികച്ച ഗ്രൂപ്പ് ഇൻസ്ട്രക്ടർ</u>

2021 - 22/2022-23 കാലയളവിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ ആയി ചുമതല വഹിച്ചിരുന്ന ട്രേഡുകളിലെ ട്രെയിനികളുടെ റിസൾട്ട്, പ്ലേസ്മെൻറ്, സ്ഥാപനത്തിന്റെ ഉയർച്ചയ്ക്കായി ചെയ്തിട്ടുള്ള മറ്റ് കാര്യങ്ങൾ എന്നിവ പരിഗണിച്ചാണ് അവാർഡിന് അർഹതയുള്ള ഗ്രൂപ്പ് ഇൻസ്ട്രക്ടറെ തെരഞ്ഞെടുക്കുന്നത്.

<u>അപേക്ഷ തയ്യാറാക്കി അയയ്ക്കേണ്ട വിധം</u>

പാർട്ട്-എ ഗ്രൂപ്പ് ഇൻസ്ട്രക്ടർ പൂരിപ്പിക്കേണ്ടതും പാർട്ട്-ബി ഗ്രൂപ്പ് ഇൻസ്ട്രക്ടർ പ്രിൻസിപ്പാളിൻറെ സഹായത്തോടെ തയ്യാറാക്കേണ്ടതും ആയതു പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

<u>നിബന്ധനകൾ</u>

1. കഴിഞ്ഞ വർഷങ്ങളിൽ അവാർഡ് ലഭിച്ചവരെ തുടർന്ന് മൂന്ന് വർഷത്തേക്ക് പരിഗണിക്കുന്നതല്ല.
2. ഗ്രൂപ്പ് ഇൻസ്ട്രക്ടർ ആയി കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തി പരിചയം വ്യാവസായിക പരിശീലന വകുപ്പിൽ (31.12.2022/2023-ൽ) ആവശ്യമാണ്.
3. സർക്കാർ/വകുപ്പ് തല അച്ചടക്ക നടപടികൾക്ക് വിധേയരായവർ ആയിരിക്കരുത്.
4. വിജിലൻസ്/പോലീസ്/കോടതി കേസുകൾ നിലവിലുള്ളവരെ പരിഗണിക്കുന്നതല്ല.

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ പ്രിൻസിപ്പാൾമാരും, ട്രെയിനിംഗ് അഫീസർമാരും
പകർപ്പ്: CA to DT, CA to ADT,
എല്ലാ IT മാരും,
ശ്രീ മനോജ് മാത്യു (വകുപ്പിൻറെ വെബ്സൈറ്റ് പ്രസിദ്ധീകരണം)